# Deepika

## 28 August 2018

## Kochi: Flood relief

# മടങ്ങുംമുമ്പ് ക്ലാസ് മുറിയിലെ ബോർഡിൽ അവർ കുറിച്ചു

# നന്ദി

കൊച്ചി: 'ഞങ്ങളുടെ പുതിയ ജീവിതത്തെ ഇത്ര നാൾ കാത്തുസൂക്ഷിച്ച മഹാരാജാസിന്റെ നല്ല മനസുകൾക്ക് നന്ദി'. പ്രളയത്തിൽ സ്വന്തം വീടുകൾ താമസയോഗ്യമല്ലാതായതുമൂലം എറണാകുളം മഹാരാജാസ് കോളജിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞശേഷം തിരികെ വീടുകളിലേക്ക് മടങ്ങുംമുമ്പ് ക്ലാസ് മുറിയിലെ ഗ്രീൻ ബോർഡിൽ എഴുതിവച്ച വാചകങ്ങളാണിത്. തങ്ങൾക്കുള്ള സകലതും പ്രളയക്കെടുതിയിൽ തകർന്ന് തരിപ്പണമായപ്പോൾ ഏക ആശ്രയം ക്യാമ്പ് മാത്രമായിരുന്നുവെന്ന് ഇവിടെനിന്ന് മടങ്ങിയവർ പറയുന്നു.

പ്രളയക്കെടുതിയെത്തുടർന്ന് കഴിഞ്ഞ 16നാണ് മഹാരാജാസ് കോളജിൽ തഹസിൽദാർ വൃന്ദാ ദേവിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസക്യാമ്പ് ആരംഭിച്ചത്. എണ്ണൂറിലധികം ആളുകൾ ക്യാമ്പിൽ ഉണ്ടായിരുന്നു. കടമക്കുടി, പിഴല, വൈപ്പിൻ, ചരിയംതുരുത്ത് എന്നിവിടങ്ങളിൽ നിന്നുള്ള ആളുകളാണ് വെള്ളപ്പൊക്കത്തെ തുടർന്നു ക്യാമ്പിലെത്തിയത്. ക്ലീനിംഗ് കിറ്റ്, വസ്ത്രങ്ങൾ, പലചരക്ക് സാധനങ്ങൾ എന്നിവ നൽകിയാണു ക്യാമ്പിൽ നിന്ന് ഇവരെ തിരികെ അയച്ചത്. ക്യാമ്പിൽ കഴിഞ്ഞുവന്ന 25 പേരെ കടമക്കുടി വിഎച്ച്സി സ്കൂളിലേക്കു മാറ്റിയശേഷമാണ് കോളജിലെ ദുരിതാശ്വാസ ക്യാമ്പ് അവസാനിപ്പിച്ചത്.

പ്രണയത്തിന്റെ കനലുകൾക്കിടയിലും മഹാരാജാസിൽ സംഘടിപ്പിച്ച ഓണാഘോഷവും പൊടിപൊടിച്ചു. പ്രളയം വിതച്ച നഷ്ടങ്ങൾക്കുമേൽ പ്രതീക്ഷയുടേയും സമാധാനത്തിന്റേയും അന്തരീക്ഷമാണ് കോളജ് അങ്കണത്തിൽ തിരുവോണനാളിൽ ഉണ്ടായിരുന്നത്. ഓണവുമായി ബന്ധപ്പെട്ട നിരവധി കലാപരിപാടികൾ വിദ്യാർഥികൾ ക്യാമ്പിൽ എത്തിയവർക്കുവേണ്ടി ഒരുക്കി. വീട്ടിലെ ഓണം പോലെ തന്നെ ക്യാമ്പിലെ ഓണപ്പരിപാടികളും ആസൂത്രണം ചെയ്തു. കസേരകളി, ഉറിയടി, വടംവലി, മിഠായി പെറുക്കൽ, ലെമൺ സ്പൂൺ റേസ് എന്നിങ്ങനെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. വിജയികൾക്കു സമ്മാനങ്ങളും നൽകി.




മഹാരാജാസ് കോളജിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്നവർ തിരികെ പോകാൻ നേരം കോളജ് ബോർഡിൽ എഴുതി ചേർത്ത നന്ദി വാചകം.

# പൂർണ നഷ്ടം കണക്കാക്കാൻ രണ്ടാഴ്ച സമയമെടുക്കും: കളക്ടർ

കൊച്ചി: പ്രളയത്തെതുടർന്നുണ്ടായ ജില്ലയിലെ നാശനഷ്ടങ്ങളുടെ പൂർണതോതിലുള്ള കണക്ക് തയാറാക്കുന്നതിനു രണ്ടാഴ്ച വരെ സമയമെടുക്കുമെന്നു ജില്ലാ കളക്ടർ അറിയിച്ചു. വീടുകളുടെ ശുചീകരണം 75 ശതമാനം പൂർത്തിയായി. പതിനായിരത്തിലധികം വോളണ്ടിയർമാർ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തു. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു ശേഖരണ സംവിധാനം ആരംഭിച്ചു. മൃഗങ്ങളുടെ ജഡങ്ങൾ സംസ്കരിക്കുന്നത് ഏകദേശം പൂർത്തിയായി.

വൈദ്യുതി ലൈനുകൾ പൂർണമായി ചാർജ് ചെയ്തു. വീടുകളിൽ വൈദ്യുതി പുനസ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധന നടത്തിവരികയാണ്. 55 ശതമാനം പരിശോധന പൂർത്തിയായി. ശുചീകരണത്തിനാവശ്യമായ 49 പമ്പ് സെറ്റുകൾ വിതരണം ചെയ്തു. ഒരു ലക്ഷത്തിലധികം ഗ്ലൗസുകളും ബ്ലീച്ചിംഗ് പൗഡറും പഞ്ചായത്തുകൾക്കു നൽകി. റെഡ് സോണായി പ്രഖ്യാപിച്ച 22 പഞ്ചായത്തുകളിലാണു ശുചീകരണം ഊർജിതമായി നടപ്പാക്കിയതെന്നും കളക്ടർ അറിയിച്ചു.

കെ.വി. തോമസ് എംപി, എംഎൽഎമാരായ എൽദോ ഏബ്രഹാം, പി.ടി. തോമസ്, ജോൺ ഫെർണാണ്ടസ്, അൻവർ സാദത്ത്, വി.ഡി. സതീശൻ,, ഹൈബി ഈഡൻ, അനൂപ് ജേക്കബ്, എസ്. ശർമ , വി.കെ. ഇബ്രാഹിം കുഞ്ഞ്, വി.പി. സജീന്ദ്രൻ, റോജി എം. ജോൺ, നേവി ഉദ്യോഗസ്ഥൻ കമാൻഡർ അരുൾ ബി. സതീഷ്, തദ്ദേശ സ്ഥാപന ജനപ്രതിനിധികൾ, വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.